പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 881 25.01.2018-ന് മറുപടിയ്ക്ക്

വനഭൂമി കയ്യേറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. കെ. രാജു (ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനഭൂമി കയ്യേറ്റം അവസാനിപ്പിക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | വനം കൈയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>വനസംരക്ഷണത്തിനും, വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ്വ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കൈയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്, തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു. പുതിയ കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. 01.01.77 ന് ശേഷം വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളവ ഒഴിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 04.09.2015 ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനംകൈയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കൈയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ബി) | വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 407 കേസ്സുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ